**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3553** **12.05.2017-ൽ മറുപടിക്ക്**

**ഇതര സംസ്ഥാന തൊഴിലാളികൾ**

**ചോദ്യം**

ശ്രീ.ടി. വി. ഇബ്രാഹിം :

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള ഐഡന്റിറ്റി കാർഡ് നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ കാര്യങ്ങൾക്ക് പ്രത്യേകമായി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**മറുപടി**

ശ്രീ. ടി. പി. രാമകൃഷ്ണൻ

തൊഴിലും എക്സൈസും വകുപ്പ് മന്ത്രി

(എ) യും (ബി) യും കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളാകുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡ് നൽകി വരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) യും (ഡി) യും കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം ഒരു വർഷത്തിൽ കുറയാത്ത കാലം നിധിയിൽ അംഗത്വം നിലനിർത്തിയിട്ടുള്ള അംഗത്തിന്റെ മക്കൾക്ക് എസ്.എസ്.എൽ.സി.യോ തത്തുല്യമായ കോഴ്സുകൾക്ക് മുകളിലുള്ള ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്കുള്ള പഠനത്തിനു വേണ്ടി വിദ്യാഭ്യാസ ഗ്രാന്റ് അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ട്. എസ്.എസ്.എൽ.സി.യോ തത്തുല്യമായതോ ആയ കോഴ്സുകൾക്ക് ശേഷം 3 വർഷം വരെയുള്ള കോഴ്സുകൾക്ക്, പാരാമെഡിക്കൽ കോഴ്സുകളടക്കം പ്രതിവർഷം 400 രൂപയും മൂന്നു വർഷ ഡിഗ്രി കോഴ്സുകൾക്ക് പ്രതിവർഷം 500 രൂപയും, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പ്രതിവർഷം 750 രൂപയും തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പ്രതിവർഷം 1500 രൂപയുമാണ് ഗ്രാന്റ് അനുവദിക്കുന്നത്.

സെക്ഷൻ ഓഫീസർ.